**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3012** **25-06-2024 - ൽ മറുപടിയ്ക്ക്**

**സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സീതാർക്കുണ്ട് തോടിനു കുറുകെ അത്തികുണ്ടിൽ ഒരു വിയർ നിർമ്മിച്ച് പൈപ്പ് മാർഗ്ഗം പലകപ്പാണ്ടി വിയറിന്റെ നിലവിലുള്ള കനാൽ ശൃംഖല വഴി ചുള്ളിയാർ ഡാമിന്റെ വെള്ളം എത്തിക്കുന്നതാണ് സീതാർകുണ്ട് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.<br><br>സീതാർകുണ്ട് ഡൈവേർഷൻ പദ്ധതിയുടെ സാധ്യതാപഠനം നടത്താനായി ജോയിന്റ് ഡയറക്ടർ, ജെ. ഡബ്ല്യൂ. ആർ. പാലക്കാടിനെ കോഡിനേറ്റർ ആക്കി ഒരു കമ്മിറ്റി രൂപീകരിക്കുകയും ആയതിന്റെ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. പിന്നീട് KERI, Peechi യുടെ നിയന്ത്രണത്തിൽ വരുന്ന ഐ. ഡബ്ല്യൂ. ആർ ഡിവിഷൻ, പാലക്കാട് തയ്യാറാക്കിയ പ്രീ ഫീസിബിലിറ്റി റിപ്പോർട്ട് ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചു. കമ്മിറ്റിയിലെ ബഹു ഭൂരിഭക്ഷം ജീവനക്കാരും വിരമിക്കുകയും സ്ഥലം മാറി വിവിധ ഓഫീസുകളിലേയ്ക്ക് പോയിട്ടുള്ള സാഹചര്യത്തിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കമ്മിറ്റി പുന:ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി KERI, ഡയറക്ടർ സമർപ്പിച്ച പ്രീ ഫീസിബിലിറ്റി റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രസ്തുത പദ്ധതി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്നും പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | പുതുക്കിയ പ്രീ ഫീസിബിലിറ്റി റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ